**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **30-01-2024 - ൽ മറുപടിയ്ക്ക്**

**മണിമലയിലെ നാളികേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണിമലയിലെ നാളികേര പാർക്കിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടി നാളികേര വ്യവസായ പാർക്കിനായി നടപ്പ സാമ്പത്തിക വർഷത്തിൽ മൂന്ന കോടി രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചുറ്റുമതിൽ, ഗേറ്റ്, സുരക്ഷാ ക്യാബിൻ, അനുബന്ധ ജോലികൾ എന്നീ നിർമ്മാണ പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവൃത്തികൾ പുരോഗമിച്ച വരുന്നതുമാണ്.<br><br>പദ്ധതിയുടെ ഭാഗമായി നിലവിൽ ജിയോടെക്നിക്കൽ പഠനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നാളികേര പാർക്കിൽ എന്നത്തേക്ക് വ്യവസായങ്ങളെ ക്ഷണിക്കാൻ സാധ്യമാകും എന്ന് അറിയിക്കാമോ; | (ബി) | 2025 മാർച്ച് മാസത്തോടെ വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനു തുടക്കം കുറിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രവൃത്തിയുടെ ശരിയായ വിധത്തിലുള്ള മേൽനോട്ടത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | പ്രവൃത്തിയുടെ ശരിയായ നടത്തിപ്പിന് പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ